കൈത്തറി രംഗത്തെ സാങ്കേതിക വിദ്യകളുടെ നവീകരണം

32 (4192) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്ത് ഇന്നുപയോഗിക്കുന്ന സാങ്കേതിക വിദ്യ വളരെ പഴഞ്ചനാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൈത്തറിയുടെ ടെക്നോളജി നവീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാങ്കേതിക വിദ്യ നവീകരിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൈത്തറി രംഗത്തെ സമഗ്ര വികസനത്തിനും, നവീകരണത്തിനും സഹായകമായ വിധം ഈ രംഗത്തെ വിദഗ്ദ്ധ ഏജൻസികളുടെ സഹായ സഹകരണത്തോടെയാണ് പ്രധാനപ്പെട്ട കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നത്. കൂടാതെ ഈ രംഗത്തേയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം

33 (4193) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കൈത്തറി സഹകരണ സംഘങ്ങൾ നിലവിലുണ്ടെന്നും എത്ര തറികൾ പ്രവർത്തിപ്പിക്കുന്നു എന്നും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി സഹകരണ സംഘങ്ങൾക്ക് എന്തു തുക റിബേറ്റ് ആയി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ തുക റിബേറ്റ് അനുവദിച്ച ആദ്യത്തെ 25 സംഘങ്ങൾ ഏതൊക്കെയാണെന്നും എത്ര രൂപ വീതമാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 755 കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉദ്ദേശം 35000 തറികൾ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു.

(ബി) 17.35 കോടി രൂപ റിബേറ്റിനത്തിൽ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത 1999-2000, 2000-2001 വർഷങ്ങളിൽ ഏറ്റവും കൂടുതൽ തുക റിബേറ്റ് ലഭിച്ച 25 സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധം ഒന്നിലും രണ്ടിലുമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly